ശ്രീ. കെ. പി. പ്രഭാകരൻ: മർദ്ദനത്തിന്റെ കാര്യമാണ് ചോദിച്ചത്. വിരട്ടിയോടിച്ചതിനെപ്പറ്റിയല്ല. മർദ്ദിച്ച് തലതല്ലിപ്പൊളിച്ച് ആശുപത്രിയിൽ അഡ്മിറ്റുചെയ്ത കേസുകളാണ്. അതിന്റെ കാര്യമാണ് ചോദിച്ചത്. ലാത്തിച്ചാർജ് എന്നുള്ളത് സാങ്കേതികമല്ലെങ്കിൽ, ഈ തലതല്ലിപ്പൊളിച്ച് ആശുപത്രിയിൽ ആക്കിയതിന്റെ പേരിൽ എന്ത് നടപടിയെടുത്തു?

ശ്രീ. കെ. കരുണാകരൻ: സർ, അങ്ങനെയുള്ള സംഭവങ്ങൾ വിശദമായി ചോദിച്ചാൽ വിവരം ശേഖരിച്ചുതരാം.

ശ്രീ. എ. കെ. പത്മനാഭൻ: സർ, കഴിഞ്ഞ വർഷം കോഴിക്കോട് ജെ.ജി.റ്റി. ഇസ്ലാമിലെ അബ്ദുൾ അസീസ് എന്ന ഒരു വിദ്യാർത്ഥിയെ പോലീസ് തല്ലിച്ചതച്ചതിനെക്കുറിച്ച് കോഴിക്കോട് ജില്ലാ കളക്ടറോട് അന്വേഷണത്തിന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആ റിപ്പോർട്ട് ഇതുവരെ കിട്ടിയിട്ടില്ലെന്നും കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ മറുപടി പറഞ്ഞതാണ്. ആ റിപ്പോർട്ട് കിട്ടിയോ? അതിന്മേൽ ഗവൺമെന്റ് എന്തെങ്കിലും നടപടി എടുത്തോ?

ശ്രീ. കെ. കരുണാകരൻ: സർ, അത് പ്രത്യേകം ചോദിച്ചാൽ പറയാം.

ശ്രീമതി കെ. ആർ. ഗൗരി: സർ ഈ ലാത്തിച്ചാർജിനെപ്പറ്റി 1957-ൽ നിലനിന്നിരുന്ന ടെക്നിക്കാലിറ്റി അതാണ് ഇന്നും നിലനിൽക്കുന്നത് എന്നും അതുകൊണ്ടാണ് അന്വേഷിക്കാത്തതെന്നും പറഞ്ഞു. ഈ ടെക്നിക്കാലിറ്റിയെല്ലാം അവഗണിച്ചുകൊണ്ട് ഇപ്പോൾ നടന്ന വിധത്തിലുള്ള പല ലാത്തിച്ചാർജുകളും പിന്നീട് അന്വേഷണത്തിന് വിധേയമായിട്ടുണ്ട്. അതുകൊണ്ട് ഇപ്പോൾ പരാതികൾ കിട്ടിയിരിക്കുന്ന ലാത്തിച്ചാർജിനെപ്പറ്റി അന്വേഷിക്കുന്നതിന് ഗവൺമെന്റിന് വിരോധമുണ്ടോ?

ശ്രീ. കെ. കരുണാകരൻ: സർ, പോലീസ് മർദ്ദിച്ചതായി പരാതി കിട്ടിയ അവസരത്തിൽതന്നെ പ്രാഥമിക അന്വേഷണം നടത്തേണ്ടതാണെന്ന ബോദ്ധ്യംവന്ന അവസരത്തിൽതന്നെ അന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അത് ഇനിയും പുറപ്പെടുവിക്കും.

ആറാം പദ്ധതിക്ക് ചെലവഴിച്ച തുക

* 115 [117] ശ്രീ. വർക്കല രാധാകൃഷ്ണൻ:
,, വി. എസ്. ചന്ദ്രശേഖരൻ പിള്ള:
,, കെ. പി. അരവിന്ദാക്ഷൻ:
ശ്രീമതി കെ. ആർ. ഗൗരി:
ശ്രീ. സി. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ആറാം പദ്ധതിക്ക് ആക്ടുണ്ടൻറ് ജനറൽ സർട്ടിഫൈ ചെയ്തതനുസരിച്ച് എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(ബി) സംസ്ഥാനത്തിന്റെ ആറാം പദ്ധതിയുടെ സാമ്പത്തിക ലക്ഷ്യത്തിലും ഭൗതിക ലക്ഷ്യത്തിലും (Financial and Physical Target) എത്ര ശതമാനം നേട്ടം കൈവരിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) സംസ്ഥാനത്തിന്റെ ആറാം പദ്ധതിക്ക് (1980-85)

LIBRARY ARCHIVES Kerala Legislative Assembly

അക്കൗണ്ടന്റ് ജനറലിന്റെ കണക്കനുസരിച്ച് മൊത്തം 1754.94 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച ആറാം പദ്ധതിയുടെ (1980-85) അടങ്കൽ തുകയായ 1498 കോടി രൂപയേക്കാൾ കൂടുതൽ ചെലവ് വന്നിട്ടുണ്ട്. മൊത്തം ചെലവായ തുക 1754.94 കോടിയാണ്. അതനുസരിച്ച് കണക്കാക്കിയാൽ 117 ശതമാനം സാമ്പത്തിക നേട്ടം ആറാം പദ്ധതിക്കാലത്ത് ഉണ്ടായിട്ടുണ്ട്. ഇത് ആശാവഹമായ നേട്ടമാണ്. ഭൗതിക നേട്ടത്തെക്കുറിച്ച് സംസ്ഥാന പ്ലാനിങ്ങ് വകുപ്പ് ഒരു അവലോകന റിപ്പോർട്ട് തയ്യാറാക്കിവരികയാണ്. അതനുസരിച്ച് തൃപ്തികരമായ നേട്ടം കൈവരിച്ചിട്ടുള്ളതായി മനസ്സിലാക്കുന്നു. റിപ്പോർട്ട് തയ്യാറായാലുടൻ അത് സഭയുടെ മുമ്പാകെ സമർപ്പിക്കാവുന്നതാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഫിഗേഴ്സൊക്കെ വരുന്ന ഒരു ഉത്തരം ആദ്യത്തെ പേരുകാരന് കൊടുക്കുന്നത് വളരെ സൗകര്യമായിരിക്കും. നിർഭാഗ്യവശാൽ അത് കിട്ടിയിട്ടില്ല. അത് കിട്ടിയാൽ ചോദ്യോത്തരവേള ഫലപ്രദമാക്കാൻ കഴിയും. ഇത് ചട്ടപ്രകാരമുള്ളതാണ്. അങ്ങയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകണം.

മി. സ്പീക്കർ: അത് പരിശോധിക്കുന്നതാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ച അവസരത്തിൽ ആറാം പദ്ധതിയുടെ സ്പിൽഓവർ ആയിരിക്കും കഴിഞ്ഞ സാമ്പത്തിക വർഷമെന്ന് പ്രഖ്യാപിച്ചിരുന്നു. അതും കൂടി ഈ കണക്കിൽപ്പെടുമോ? അതുൾപ്പെടാതെ സർട്ടിഫൈ ചെയ്ത കണക്കാണോ മുഖ്യമന്ത്രി ഇവിടെ വായിച്ചത്?

ശ്രീ. കെ. കരുണാകരൻ: ആറാം പദ്ധതിയുടെ അവസാനത്തിൽ 1985 മാർച്ചുമാസം 31 വരെയുള്ള ചെലവിന്റെ കണക്കാണ് വച്ചിട്ടുള്ളത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഫിസിക്കൽ ടാർജറ്റ് ലക്ഷ്യത്തിലെത്തിയിട്ടില്ലെന്ന് ഗവൺമെന്റിന്റെ പ്രസിദ്ധീകരണമായ 'ഇക്കോണമിക് റിവ്യൂ' തന്നെ വ്യക്തമാക്കിയിട്ടുള്ള സ്ഥിതിക്ക് അതൊന്ന് വിശദീകരിക്കാമോ? എന്തുമാത്രം കുറവ് ഗവൺമെന്റിന് ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്?

ശ്രീ. കെ. കരുണാകരൻ: ഫിസിക്കൽ ടാർജറ്റിന്റെ കാര്യം പ്ലാനിങ്ങ് ബോർഡ് പഠിച്ചുകൊണ്ടിരിക്കുകയാണ്. ആ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ അത് മേശപ്പുറത്ത് വയ്ക്കുന്നതാണ്. ആ അവസരത്തിൽ അച്ചീവ് ചെയ്തിട്ടുണ്ടോ ഇല്ലയോ എന്ന് വിശദമായി മനസ്സിലാക്കുവാൻ സാധിക്കും.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: ദാരിദ്ര്യരേഖക്ക് താഴെ കഴിയുന്ന ദുർബലജനവിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുകയെന്നുള്ളത് ഒരു പ്രത്യേക ലക്ഷ്യമായിരുന്നു. ആറാം പദ്ധതികാലത്ത് ഈ ആവശ്യത്തിലേക്ക് മാറിവയ്ക്കപ്പെട്ട തുക ഫലപ്രദമായി വിനിയോഗിക്കാൻ സാധിച്ചിട്ടുണ്ടോ? അങ്ങനെ വിനിയോഗിച്ചതിന്റെ ഫലമായി എത്ര കുടുംബങ്ങളെ ദാരിദ്ര്യരേഖക്കുമുകളിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. കരുണാകരൻ: റിപ്പോർട്ട് സമർപ്പിക്കുന്നതോടുകൂടി അതിന്റെ വിശദവിവരം തരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: ഈ സംസ്ഥാനത്ത് തൊഴിലില്ലായ്മ ഏതുണ്ട് 13 ശതമാനമാണെന്നാണ് കണക്ക്. നമ്മുടെ പരമ്പരാഗത വ്യവസായ മേഖലകൾ മൊത്തം ചെലവഴിച്ചു തുകയു. ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞു. പരമ്പരാഗത വ്യവസായ മേഖലയിൽ പത്തര ലക്ഷത്തോളം തൊഴിലാളികൾ ഇന്ന് പണിയെടുക്കുന്നുണ്ട്. ഇവർക്ക് ആറാം പദ്ധതിക്കാലത്ത് തൊഴിൽ നൽകുവാനും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാനും എത്രമാത്രം സാധിച്ചു എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. കരുണാകരൻ: ചെലവുചെയ്ത സംഖ്യയുടെ കണക്ക് എന്റെ കൈവശമുണ്ട്. അതിന്റെ ഓഡിറ്റ് എന്താണെന്നാണ് ബോർഡ് പരിശോധിക്കുന്നത്. അത് കിട്ടിയതിനുശേഷം അറിയിക്കാം.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: ഫിസിക്കൽ ടാർജറ്റ് റിവ്യു ചെയ്തതിനുശേഷം റിപ്പോർട്ടാകുമെന്ന് പറഞ്ഞു. ആറാം പദ്ധതിയിൽ പൂർത്തിയാക്കാൻ കഴിയാത്ത എത്ര പദ്ധതികൾ ഏഴാം പദ്ധതിയിലേക്ക് മാറ്റിവയ്ക്കേണ്ടി വന്നിട്ടുണ്ട്? അതിന്റെ വിശദമായ വിവരം തരാൻ കഴിയുമോ? ആറാം പദ്ധതിയിൽ പൂർത്തിയാക്കുന്നതിന് ലക്ഷ്യമിട്ടിരുന്ന ഏതെങ്കിലും പദ്ധതികൾ 6-ാം പദ്ധതിയിൽ പൂർത്തീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: ആറാം പദ്ധതിയിൽ തുടങ്ങിയ പ്രധാനപ്പെട്ട പദ്ധതികളൊന്നും ആറാം പദ്ധതിയിൽ അവസാനിച്ചിട്ടില്ല. അത് തുടരുകയാണ്. രണ്ടും മൂന്നും പഞ്ചവൽസരപദ്ധതിക്കാലത്തു തുടങ്ങിയ മേജർ പ്രോജക്ടുകൾതന്നെ ഈ അടുത്ത അവസരത്തിലാണ് പൂർത്തീകരിച്ചത്. സ്പെസിഫിക്കായിട്ട് ഇന്ന പ്രോജക്ട് എന്ന് പറയുകയാണെങ്കിൽ അതിനെപ്പറ്റി മറുപടി പറയാം.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: ഫൈനാൻഷ്യൽ ടാർജറ്റ് അച്ചീവ് ചെയ്തത്, വളരെ കാര്യമായ നേട്ടമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. പൊതുവിൽവന്ന മൂല്യശോഷണമല്ലാതെ ആറാം പദ്ധതിയിൽ ലക്ഷ്യത്തിന്റെ അടുത്തുപോലും എത്താൻ കഴിയുകയില്ലെന്നല്ലേ പദ്ധതികൾ ഒന്നും പൂർത്തിയാക്കാത്തതിൽനിന്നും മനസ്സിലാക്കേണ്ടത്?

ശ്രീ. കെ. കരുണാകരൻ; പൊതുവെയുള്ള കാര്യമാണ് ഞാൻ പറഞ്ഞത്. അത് ആശാവഹമാണ്. നമ്മൾ വിചാരിച്ചത്ര പുറകോട്ടു പോയിട്ടില്ല. 117 ശതമാനം ചെലവുചെയ്തിട്ടുണ്ട്. അതിന്റെ ഓഡിറ്റ് സംബന്ധിച്ച റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ പറയാം എന്നും പറഞ്ഞു.

ശ്രീമതി കെ. ആർ. ഗൗരി: 117 ശതമാനം പണം ചെലവാക്കി എന്നു പറഞ്ഞു. ഈ പദ്ധതികൾ നമ്മൾ ആവിഷ്കരിക്കുമ്പോൾ അതിന്റെ പണം ചെലവാക്കുന്നതിന് ഫിസിക്കൽ ടാർജറ്റും നമ്മൾ കണക്കാക്കും. ഫൈനാൻഷ്യൽ എക്സ്പെൻഡീച്ചറിന്റെ കണക്കാണ് ഇവിടെ പറഞ്ഞത്. ഫിസിക്കൽ ടാർജറ്റ് നോക്കിയാൽ ആറാം പദ്ധതിയിൽ തീരേണ്ട എത്ര ശതമാനം തീർന്നു?

ശ്രീ. കെ. കരുണാകരൻ: ഫിസിക്കൽ ടാർജറ്റ് ആണ് ശരിയായി വിലയിരുത്തുന്നു പറഞ്ഞത്. പണമാണ് 117 ശതമാനം ചെലവഴിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: ഫിസിക്കൽ ടാർജറ്റ് നോക്കിയിട്ടില്ല എന്ന് പറഞ്ഞു. പണം 117 ശതമാനം ചെലവഴിച്ചു എന്നു പറയുകയും ചെയ്തു. ആറാം പഞ്ചവൽസര പദ്ധതിയിൽ തീരേണ്ടിയിരുന്ന മിക്കവാറും എല്ലാ പദ്ധതികളും 7-ാം പദ്ധതിയിലേക്ക് നീട്ടിയിരിക്കുകയാണ്. തീർന്ന ഏതെങ്കിലും പദ്ധതികൾ അങ്ങേക്ക് പറയാൻ കഴിയുമോ?

ശ്രീ. കെ. കരുണാകരൻ: പോസിറ്റീവായിട്ട് തീർന്ന പദ്ധതികളുടെ രേഖ എന്റെ കൈവശം ഇല്ല.

ശ്രീ. സി. ടി. കൃഷ്ണൻ: ആറാം പദ്ധതിക്കാലത്ത് കാർഷിക മേഖലയ്ക്കുവേണ്ടി കിട്ടിയ കേന്ദ്രവിഹിതം എത്രയാണെന്നും അതിന്റെ ഫലമായിട്ടുള്ള നേട്ടം എത്രയാണെന്നും വ്യക്തമാക്കാമോ?

ശ്രീ. കെ. കരുണാകരൻ: വിശദവിവരം ഇപ്പോഴില്ല. ബഹുമാനപ്പെട്ട മെമ്പർമാർക്ക് തന്നിട്ടുള്ളതാണ്.

ശ്രീ. സി. ടി. കൃഷ്ണൻ: ആറാം പദ്ധതിക്ക് രൂപം നൽകുമ്പോൾ ഇടതുപക്ഷജനാധിപത്യമുന്നണിയായിരുന്നു ഇവിടെ ഭരിച്ചിരുന്നത്. ആ ഗവൺമെന്റ് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി വാങ്ങിയ സംഖ്യയേക്കാൾ ഇപ്പോൾ ഭരിക്കുന്ന ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന് (രൂപയുടെ ഇപ്പോഴത്തെ മൂല്യശോഷണം കണക്കിലെടുത്തു) സ്വാധീനം ചെലുത്താനുള്ള കഴിവ് കണക്കിലെടുത്തു 7-ാം പദ്ധതികാലത്തു കേന്ദ്രത്തിൽനിന്നും എത്രകോടി രൂപ അധികമായി പദ്ധതിവിഹിതം നേടിയെടുക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. കരുണാകരൻ: കൂടുതൽ വന്ന സംഖ്യ കേന്ദ്രത്തിൽ നിന്നാണ് നമ്മൾ വാങ്ങിച്ചിട്ടുള്ളത്.

ശ്രീ. ഇ. കെ. നായനാർ: ഇവിടെ പറയുന്ന ഉത്തരങ്ങൾ പലതും ശരിയല്ല. 7-ാം പദ്ധതി 6-ാം പദ്ധതിയുടെ സപ്പിള്ളോവറാണെന്ന് ഗവർണ്ണറുടെ പ്രസംഗത്തിൽത്തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയും വ്യക്തമാക്കിയിട്ടുണ്ട്. ആറാം പദ്ധതിയിൽ ഏതെങ്കിലുമൊന്ന് പൂർത്തിയാക്കിയിട്ടുണ്ടായെന്ന് ചോദിച്ചാൽ മുഖ്യമന്ത്രിക്ക് ഇപ്പോൾ പറയാൻ ആവില്ല. ആറാം പദ്ധതിയിൽ ഒന്നുംതന്നെ പൂർത്തിയാക്കിയിട്ടില്ല. ആറാം പദ്ധതിയുടെ സപ്പിള്ളോവറല്ലേ 7-ാം പദ്ധതി?

ശ്രീ. കെ. കരുണാകരൻ: സപ്പിള്ളോവർ ആണെന്ന് ആദ്യംതന്നെ പറഞ്ഞുകഴിഞ്ഞു.

സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ ഘടനയും പ്രവർത്തനരീതിയും

* 116 [118] ശ്രീ. കെ. പുരുഷോത്തമൻ:
,, ടി. കെ. ഹംസ:
,, എസ്. ഗോവിന്ദക്കുറുപ്പ്:
,, കെ. പി. പ്രഭാകരൻ:
ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ ഘടനയിലും പ്രവർത്തന രീതിയിലും മാറ്റം വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;,

LIBRARY ARCHIVES Kerala Legislative Assembly